(സി) കുറഞ്ഞ നിരക്കിൽ വായ്പ നൽകി പ്രവാസി സ്വയംതൊഴിൽ സംരംഭങ്ങൾ ഊർജിതപ്പെടുത്തുമോ ?

ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്നൊരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

(ബി) നോർക്ക-റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായാണ് ബാങ്കുകൾ പലിശ നിരക്ക് നിശ്ചയിക്കുന്നത്.

(സി) നോർക്ക-റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശയിളവ് നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശ നിരക്കിൽനിന്നും ആദ്യത്തെ നാലുവർഷം 3% പലിശയിളവ് സർക്കാർ നൽകുന്നുണ്ട്. ഇതിനുപുറമേ 15% മൂലധന സബ്സിഡിയും സംരംഭകർക്ക് നൽകിവരുന്നു.

പ്രവാസികൾക്ക് സ്വയംതൊഴിൽ

103 (1504) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം തിരിച്ചെത്തിയവരുടെയും അവരിൽ സർക്കാർ പദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തിയവരുടെയും കണക്കുകൾ ലഭ്യമാണോ;

(സി) പ്രവാസി ക്ഷേമനിധിയിൽ നിന്നും നൽകുന്ന പെൻഷൻ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രവാസികൾക്ക് പെൻഷൻ യഥാസമയം ലഭിക്കുന്നുണ്ടോയെന്നും, ഇല്ലെങ്കിൽ കടിശ്ശിക സംബന്ധിച്ചും വിശദീകരിക്കാമോ ?

ഉത്തരം

(എ) നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക നടപ്പാക്കുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിതാഖത്ത്മൂലം തിരികെവന്ന വിവിധ എയർപ്പോർട്ടുകളിലെ ഹെൽപ്പ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്തിരുന്ന 22634 പേരോട് അവരുടെ വിശദ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ അപ്ഡേറ്റ് ചെയ്ത 5783 പേരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽനിന്ന് 2049 പേരെ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനായി തെരഞ്ഞെടുത്ത് വിവിധ ബാങ്കുകൾക്ക് ശിപാർശക്കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പേർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി) അംഗത്വമെടുത്ത് കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച 60 വയസ് പൂർത്തിയായ പ്രവാസി കേരളീയൻ (വിദേശം) അംഗത്തിന് പ്രതിമാസം 1,000 രൂപ മിനിമം പെൻഷനും തിരിച്ചുവന്ന പ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ അംഗങ്ങൾക്ക് പ്രതിമാസം 500 രൂപയും മിനിമം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. അഞ്ചുവർഷത്തിൽ കൂടുതലായി അംശദായം അടക്കുന്ന അംഗങ്ങൾക്ക് ഓരോ പൂർത്തീകരിച്ച വർഷത്തിനും മിനിമം പെൻഷന്റെ മുന്നൂശതമാനത്തിന് തുല്യമായുള്ള തുകകൂടി അധിക പെൻഷന് അർഹത ഉണ്ടായിരിക്കുന്നതുമാണ്. 2015 ജനുവരി മാസംവരെ അർഹരായ 361 പേർക്കായി 8,32,500 രൂപ പെൻഷൻ ബോർഡിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ഡി) 2015 ജനുവരി മാസംവരെ അർഹരായ എല്ലാ അംഗങ്ങൾക്കും പെൻഷൻ ബോർഡിൽനിന്നും കൃത്യമായി അനുവദിച്ചുവരുന്നുണ്ട്. പെൻഷൻ കടിശ്ശികയൊന്നും തന്നെ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly